"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പത്തനംതിട്ട ജില്ല- കോന്നി ഗ്രാമപഞ്ചായത്ത്- ആസ്തി രജിസ്റ്ററിൽ പൊതുവഴി ഉൾപ്പെടുത്തിയതും,നാമധേയവും സംബന്ധിച്ചുള്ള ഭരണ സമിതി തീരുമാനം മാറ്റം വരുത്താനുമുള്ള അപ്പീൽ -ശ്രീ. ജോൺസൺ ഫിലിപ്പ് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 5368/2017 & WP(C) No. 41144/2022 കേസുകളിന്മേലുള്ള പൊതുവിധിന്യായനിർദ്ദേശം-നടപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.1252/2026/LSGD തീയതി,തിരുവനന്തപുരം, 06-07-2026

---

പരാമർശം:-

1. 30.06.2018 തീയതി നടന്ന കോന്നി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ സാധാരണ യോഗത്തിലെ തീരുമാനം നമ്പർ 6/11
2. ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 5368/2017 & WP(C) No. 41144/2022 കേസുകളിന്മേലുള്ള 13.03.2025 ലെ പൊതുവിധിന്യായം
3. ബഹു. ഹൈക്കോടതി ഉത്തരവ് ഉള്ളടക്കം ചെയ്തുകൊണ്ട് ശ്രീ. ജോൺസൺ ഫിലിപ്പ് സർക്കാരിൽ സമർപ്പിച്ച 05/04/2025, തീയതിലെ അപ്പീൽ അപേക്ഷ
4. കോന്നി പഞ്ചായത്ത് സെക്രട്ടറിയുടെ 3.6.25 തീയതിലെ 1775466-2025 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിൽ കോന്നി ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 60 വർഷത്തിലധികമായി ജനങ്ങൾ പൊതുവഴിയായി ഉപയോഗിച്ചു വന്നതും പഞ്ചായത്ത് അസറ്റ് രജിസ്റ്ററിൽ ഡാറ്റാ എൻട്രി പിശക് മൂലം **"ചെങ്ങറ ജംഗ്ഷൻ കുരിശുംമൂട് പൊതുചിറയ്ക്കൽപടി റോഡ്"** എന്ന് രേഖപ്പെടുത്തിയിരുന്നത് **'ചെങ്ങറ ജംഗ്ഷൻ-പോളച്ചിറയ്ക്കൽപ്പടി റോഡ്'**എന്ന് തിരുത്തൽ വരുത്തി പഞ്ചായത്ത് ഭരണസമിതി തീരുമാനം പരാമർശം (1) പ്രകാരം കൈക്കൊണ്ടിരുന്നതിനെതിരെ ശ്രീ. ജോൺസൺ ഫിലിപ്പ് എന്നയാൾ ബഹു. ഹൈക്കോടതി മുമ്പാകെ WP(C) No. 5368/2017 & WP(C) No. 41144/2022 കേസുകൾ ഫയൽ ചെയ്യുകയും പ്രസ്തുത കേസുകളിന്മേൽ പരാമർശം (2) പ്രകാരം പൊതുവിധിന്യായം പുറപ്പെടുവിക്കുകയുമുണ്ടായി. തുടർന്ന് ബഹു.ഹൈക്കോടതി ഈ പൊതുവിധിന്യായം ഉള്ളടക്കം ചെയ്തുകൊണ്ട് ശ്രീ. ജോൺസൺ ഫിലിപ്പ് സർക്കാർ മുമ്പാകെ പരാമർശം (3) പ്രകാരം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ബഹു.ഹൈക്കോടതിയുടെ പരാമർശം (2)വിധിന്യായത്തിൽ ടി ഉത്തരവ് ലഭിച്ച് 3 ആഴ്ചയ്ക്കുള്ളിൽ ഹർജിക്കാരൻ ടി വിധിന്യായ സഹിതം സർക്കാരിൽ അപേക്ഷ സമർപ്പിക്കുന്ന പക്ഷം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 161 ൽ നിഷ്കർഷിച്ചിരിയ്ക്കുന്ന അധികാരം വിനിയോഗിച്ചു കൊണ്ട് EXP11 പ്രകാരമുള്ള ഭരണസമിതി തീരുമാനം റദ്ദാക്കുന്നതിനോ മാറ്റം വരുത്തുന്നതിനോ

സർക്കാരിൽ സമീപിക്കാവുന്നതാണെന്നും, ടി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതി തീരുമാനം നിയമപരമായിട്ടാണോ എടുത്തിട്ടുള്ളതെന്ന് ടി ഹർജിയിലെ എല്ലാ ഹർജിക്കാരെയും അവരുടെ പ്രതിനിധികളെയും നേരിൽ കേട്ട് സർക്കാർ 3 മാസത്തിനുള്ളിൽ തീരുമാനമെടുക്കേണ്ടതുമാണെന്നും അതുവരെ 2017 ലെ ഇടക്കാല ഉത്തരവ് തുടരുന്നതുമാണെന്ന് ഉത്തരവായിരുന്നു. പഞ്ചായത്ത് ഭരണ സമിതി തീരുമാനം റദ്ദാക്കേണ്ടതുണ്ടോയെന്ന് സർക്കാർ തലത്തിൽ പരിശോധിക്കുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി ടി കേസുകളിൽ കക്ഷിയല്ലാതിരുന്നിട്ടും തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി 22.05.2025 തീയതിയിൽ കളക്ടറുടെ പ്രതിനിധിയായി തഹസീൽദാർ, മലയാലപ്പുഴ സ്പെഷ്യൽവില്ലേജ് ഓഫീസർ, കോന്നി ഗ്രാമപഞ്ചായത്തിനെ പ്രതിനിധീകരിച്ച് ജൂനിയർ സൂപ്രണ്ട്, KSEB യെ പ്രതിനിധീകരിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ സർക്കാരിലെ റവന്യൂ വകുപ്പ് പ്രതിനിധി എന്നിവരെ നേരിൽ കേട്ടു. പരാതിക്കാരൻ ഹാജരാകാത്തതിനാൽ പങ്കെടുക്കാത്തവർക്ക് തുടർന്ന് 29.5.25,19.06.2025 തീയതിയിലും 23.06.2025 തീയതിയിലും വീണ്ടും അവസരം നൽകുകയുമുണ്ടായി. 29.05.2025 ന് പരാതിക്കാരന്റെ Power of Attorney holder -ഉം പരാതിക്കാരന്റെ അഭിഭാഷകനും ഹാജരായി. 19/06/2025 ന് WP(C)No.5368/2017 ലെ 8 മുതൽ 10 വരെയുള്ള എതിർകക്ഷികൾക്ക് ഹിയറിംഗ് നൽകുകയുണ്ടായെങ്കിലും ആരും പങ്കെടുത്തില്ല. ഹിയറിംഗിൽ പങ്കെടുത്തവർ ചുവടെ ചേർക്കും പ്രകാരം അറിയിക്കുകയുണ്ടായി :-

a) <u>സെക്രട്ടറി, കോന്നി ഗ്രാമ പഞ്ചായത്ത്</u>

കോന്നി ഗ്രാമ പഞ്ചായത്തിലെ വാർഡ് 3 ചെങ്ങറ പോളച്ചിറയ്ക്കൽപ്പടി റോഡ് സ്വകാര്യ റോഡാണെന്ന് അന്യായത്തിൽ പറഞ്ഞിരിക്കുന്നത് തെറ്റായ വസ്തുതയാണ്. ടി റോഡിന്റെ ഇരുവശത്തുമായി ഏകദേശം 12ഓളം വീട്ടുകൾ ഉള്ളതും ടി വീട്ടുകാരെല്ലാം തന്നെ വഴിയായി ഉപയോഗിക്കുന്നതും ടി റോഡാണ്. ടി റോഡല്ലാതെ പ്രദേശവാസികൾക്ക് അവരുടെ വസ്തുവിലേക്കും, വീടുകളിലേക്കും പ്രവേശിക്കുന്നതിന് മറ്റ് വഴികൾ ഒന്നും തന്നെയില്ലാത്തതാണ്. ടി റോഡിന്റെ തുടക്കത്തിൽത്തന്നെ ഇരു വശത്തുമായി ചെങ്ങറ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ചർച്ച് വക കുരിശടിയും, കെട്ടിടവും ഉണ്ട്. ടി റോഡിന് ഏകദേശം 60 വർഷത്തിലധികം പഴക്കമുള്ളതും, ടി കേസ് നിലവിൽ വരുന്നതുവരെ യാതോരുവിധ തടസ്സങ്ങളുമില്ലാതെ പ്രദേശ വാസികൾ ഉപയോഗിച്ചു വരുന്നതുമാണ്.

പ്രസ്തുത റോഡിൽ ശ്രീ.ജോൺസൺ ഫിലിപ്പ് 2016 ൽ കെട്ടിടത്തിന്റെ വേസ്റ്റ് നിക്ഷേപിച്ചതിനെതിരെ ഗ്രാമ പഞ്ചായത്ത് നോട്ടീസ് നൽകിയതിനെ തുടർന്നാണ് ടി കേസ് നിലവിൽ വരുന്നത്. മലയാലപ്പുഴ വില്ലേജിലെ ബ്ലോക്ക് നമ്പർ 20 സർവ്വേ പ്ലാനിലും ടി റോഡ് രേഖപ്പെടുത്തിയിട്ടുള്ളതാണ്. നിലവിൽ ടി റോഡ് കോന്നി ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ 70 നമ്പരായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2018-2019 സാമ്പത്തിക വർഷത്തെ കോന്നി ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തനത്തിന്റെ വാർഷിക പദ്ധതി പ്രവർത്തനത്തിൽ ടി റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനായി ഉൾപ്പെടുത്തിയിരുന്നെങ്കിലും, ടി റോഡ് സംബന്ധിച്ച് നിലവിൽ കേസ് നടക്കുന്നതിനാൽ ഡ്രോപ്പ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി റോഡിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി നിലവിലുള്ള ഇലക്ട്രിക്ക് പോസ്റ്റിലൂടെ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനെതിരെയാണ് WP(C) No.41144/2022 കേസ് നൽകിയിരിക്കുന്നത്. അന്യായത്തിൽ

പറഞ്ഞിരിക്കുന്ന റോഡ് നിലവിൽ 12- ഓളം വീട്ടുകാരും, കൂടാതെ ടി റോഡിന് ഇരുവശത്തുമുള്ള അനേകം വസ്തു ഉടമകളും ഏക വഴിയായി ഉപയോഗിച്ച് വരുന്നതിനാലും, പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലും റവന്യൂ രേഖകളിലും ഉൾപ്പെട്ടിട്ടുള്ളതിനാലും ടി റോഡ് പൊതുവഴിയായി നിലനിർത്തേണ്ടതാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പഞ്ചായ ത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട പൊതു വഴിയാണ് ഇത്. ടി റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനായി 2018-19 വർഷത്തിൽ വർക്ക് ഏറ്റെടുത്തപ്പോൾ കോടതി കേസിലെ സ്റ്റേ ഉത്തരവ് ലഭിച്ചു.

b) <u>മലയാലപ്പുഴ വില്ലേജ് ഓഫീസർ</u>

നിലവിൽ തർക്കം നിലനിൽക്കുന്ന വഴി ആധാര പ്രകാരം ഉള്ള സ്ഥലത്തല്ല. റീ-സർവ്വേയ്ക്ക് മുൻപ് ഉള്ളതിൽ വഴിയെക്കുറിച്ച് ആധാരത്തിൽ പ്രതിപാദിക്കുന്നില്ല. 2006- ലെ ആധാരം റീ-സർവ്വേയ്ക്ക് ശേഷമുള്ളതും ആയതിൽ ഭാഗപത്രത്തിൽ വഴിയുടെ പരാമർശം ഉണ്ട്. വില്ലേജ് റെക്കോഡ് പ്രകാരം ആയത് പുറമ്പോക്കാണ്. പ്രസ്തുത വഴി 10/5-ൽ അല്ല 8/1-ൽ ആണെന്ന് മലയാലപ്പുഴ വില്ലേജ് ഓഫീസർ അറിയിച്ചു.

c) <u>തഹസിൽദാർ -കോന്നി</u>

റവന്യൂ റെക്കോഡ് പ്രകാരം തർക്ക സ്ഥലം പുറമ്പോക്ക് ഭൂമി ആണെന്ന് കോന്നി തഹസിൽദാർ അറിയിച്ചു.

d) <u>കേരള സംസ്ഥാന വൈദ്യുതി ബോർഡ്</u>

WP(C) No. 4144/2022 കേസിന് ആസ്പദമായ സ്ഥലത്ത്, കോന്നി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നം.13-1/21 dated 02/12/2021 നമ്പർ കത്ത് പ്രകാരം എസ്റ്റിമേറ്റ് എടുത്ത് നൽകുകയും, പഞ്ചായത്ത് ഫണ്ട് ലഭിച്ചതിന് ശേഷം നിലവിലുണ്ടായിരുന്ന 3 ഫേസ് 4 വയർ ലൈനിൽ അഡീഷണൽ സ്ട്രീറ്റ് മെയിൻ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ ചെയ്യുകയും മാത്രമാണ് KSEB Ltd ചെയ്തിട്ടുള്ളത്. പ്രസ്തുത ലൈൻ ചാർജ്ജ് ചെയ്തിട്ടില്ലാത്തതും എന്നാൽ കോന്നി ഗ്രാമ പഞ്ചായത്തിൽ നിന്നും ഈ ലൈനിൽ ലൈറ്റുകൾ സ്ഥാപിക്കുവാൻ ശ്രമം ഉണ്ടാകുകയും ടി പ്രവൃത്തി നിർത്തി വയ്ക്കണമെന്ന് ആവശ്യപ്പെട്ട് കോന്നി ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കോന്നി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് 24.01.2023 തീയതി കത്ത് നൽകിയിട്ടുമുണ്ട്..

e) <u>ഹർജിക്കാരൻ അഡ്വക്കേറ്റ് മുഖേന ചുവടെ ചേർക്കുന്ന വസ്തുതകൾ ഉന്നയിക്കുകയുണ്ടായി.</u>

മലയാലപ്പുഴ വില്ലേജ് 10/5, 10/5(1), 10/5(2) എന്ന മൂന്ന് നമ്പറിലായിട്ട് കിടക്കുന്ന വസ്തു ഹർജിക്കാരന്റെ ഉടമസ്ഥതയിലുള്ളതാണെന്നും, ആധാരം പ്രകാരം പഞ്ചായത്തിനോ, റവന്യൂ വകുപ്പിനോ യാതൊരു ഉടമസ്ഥതയുമില്ലായെന്നും ആ റോഡിൽ പഞ്ചായത്തിന് യാതൊരുവിധ അവകാശവുമില്ലായെന്നും പഞ്ചായത്തിന് നിർദ്ദിഷ്ട ഭൂമി സ്വകാര്യ വ്യക്തിയിൽ നിന്നും പഞ്ചായത്ത് രാജ് ആക്ടിലെ acquisition of immovable property വ്യവസ്ഥകൾ പ്രകാരം ഭൂമി acquire

ചെയ്യുകയോ അല്ലെങ്കിൽ ഹർജിക്കാരൻ Surrender ചെയ്യുകയോ ആണെങ്കിൽ മാത്രമേ സ്വകാര്യ വഴി പൊതുവഴിയായി പഞ്ചായത്തിന് ഏറ്റെടുക്കുന്നതിന് നിയമപ്രകാരം സാധ്യമാകൂ. ആധാരത്തിൽ ആരുംതന്നെ തർക്കം ഉന്നയിക്കാത്ത പക്ഷം ഹർജിക്കാരന് വസ്തുവിൽ അവകാശം ഉണ്ടെന്നും . പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും അതിനാലാണ് നിയമാനുസൃതമല്ലാത്ത തീരുമാനത്തിനെതിരെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിരുന്നതെന്നും, വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷയുടെ മറുപടിയായി കുരുശുംമൂട്-പോളച്ചിറക്കൽ പടി റോഡ് നിലവിൽ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾ പ്പെട്ടിട്ടില്ലാത്തതും ടി-റോഡിൽ പഞ്ചായത്ത് യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയിട്ടില്ലാത്തതാണെന്ന വിവരം കോന്നി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തന്നെ അറിയിച്ചിട്ടുള്ളതുമാണെന്ന് അറിയിച്ചു. പ്രസ്തുത വസ്തുവിന്റെ കരം ഒടുക്കിയതിന്റെ രസീത് ഹാജരാക്കിയിട്ടുണ്ട്.

തുടർന്ന് ഹിയറിങ് സമയത്ത് അധികവിവരം ആവശ്യപ്പെട്ടതിൻപ്രകാരം കോന്നി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കോന്നി ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട **ചെങ്ങറ ജംഗ്ഷൻ -പോളച്ചിറക്കൽപ്പടി റോഡ്** ഏകദേശം 60 വർഷത്തിലധികമായി ജനങ്ങൾ പൊതുവഴിയായി ഉപയോഗിച്ചു വന്നിരുന്നതും പഞ്ചായത്ത് അസറ്റ് രജിസ്റ്ററിൽ ആയത് "**ചെങ്ങറ ജംഗ്ഷൻ കുരിശും മൂട് പൊതുചിറക്കൽപ്പടി റോഡ്"** എന്ന് രേഖപ്പെടുത്തിയിരുന്നതും ഇത് ആസ്തി രജിസ്റ്ററിൽ ഡാറ്റ എൻട്രി നടത്തിയതിലെ പിശക് മൂലം സംഭവിച്ചതാണെന്നും ആയത് തിരുത്തുന്നതിനായി പഞ്ചായത്ത് ഭരണസമിതിയുടെ 30.6.2018 ലെ യോഗത്തിൽ 6/11 നമ്പരായി തീരുമാനമെടുത്തിട്ടുള്ളതും ആയത് പ്രകാരം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളതുമാണ്. കോന്നി ഗ്രാമപഞ്ചായത്തിൽ മലയാലപ്പുഴ വില്ലേജിൽ ആണ് പ്രസ്തുത റോഡ് സ്ഥിതി ചെയ്യുന്നത് (ബ്ലോക്ക് നം . 20, റീസർവ്വേ നം. 8/1 ) വില്ലേജ് രേഖകൾ പ്രകാരം ടി സ്ഥലം പൊതുവഴി, ഭൂസ്ഥിതി വഴി എന്ന രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ടി വില്ലേജിൽ റീസർവ്വേ 19/7/1999 മുതൽ നടപ്പിലായിട്ടുള്ളതാണ്. 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 169, 218 എന്നിവ പ്രകാരം പഞ്ചായത്തിന്റെ അധീനതയിലുള്ളതാണ് ടി സർവ്വേ നമ്പറിൽപ്പെട്ട 17.5 ആർ സ്ഥലം. മേൽ സാഹചര്യത്തിൽ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലും റവന്യൂ രേഖകളിലും ഉൾപ്പെട്ടിട്ടുള്ളതിനാലും ടി റോഡ് പൊതുവഴിയായി നില നിർത്തേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട് .

f) <u>WP(c) 5368/17 ലെ R -8 respondent ശ്രീ. പ്രസാദ് കോശി ജോസഫിന്റെ 26.5.25 തിയതിയിലെ കത്തിലെ വാദഗതികൾ ചുവടെ ചേർക്കുന്നു.</u>

പരാതിക്കാരന്റെ ഹർജിയിൽ പറയും പോലെ ഹർജിക്കാരന്റെ വക 10/5,10/5 1, 10/5 2 എന്നീ സർവ്വേ നമ്പരിൽപ്പെട്ട സ്ഥലത്തല്ല, മറിച്ച് സ്ഥലത്തിന്റെ കിഴക്കേ അതിർത്തിയിൽക്കൂടി കടന്നുപോകുന്നതും ചെങ്ങറ ജംഗ്ഷനിൽ നിന്നാരംഭിച്ച് കുമ്പഴ എസ്റ്റേറ്റ് ബൗണ്ടറിയിൽ അവസാനിക്കുന്ന മലയാലപ്പുഴ വില്ലേജിലെ ബ്ലോക്ക് നം 20 ൽ സർവ്വേ 8 / 1 ൽ പെട്ടതും സർക്കാർ പുറമ്പോക്ക് രജിസ്റ്ററിൽ ഉൾപ്പെട്ടതും കോന്നി ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ഉള്ളതുമായ 17.5 ആർ വിസ്തൃതിയുള്ള പൊതുവഴിയിലാണ് ശ്രീ. ജോൺസൻ ഫിലിപ്പ് അവകാശവാദമുന്നയിക്കുന്നത് . വില്ലേജ് റെക്കോർഡ് പ്രകാരം 10/5,10/5 1, 10/5 2 എന്നീ സർവ്വേ നമ്പരിൽപ്പെട്ട സ്ഥലങ്ങളുടെ അതിർത്തി മൊത്തമായി വടക്ക് 77.7 മീറ്ററും തെക്ക് 75 മീറ്ററും പടിഞ്ഞാറ് 112.3 മീറ്ററും കിഴക്ക് 71.7

മീറ്ററുമാണ്. ഈ അളവുകൾക്ക് പുറത്താണ് റോഡ് സ്ഥിതി ചെയ്യുന്നത്. 1982 ൽ വില്ലേജ് തയ്യാറാക്കിയ പ്ലാനിൽ ഈ റോഡ് പൊതുവഴിയായി നിലവിലുണ്ട്. പരാതിക്കാരൻ 2007 ലാണ് ഈ സ്ഥലം വാങ്ങിയിരിക്കുന്നത്.അതിനു മുമ്പ് തന്നെ ഈ റോഡ് പഞ്ചായത്ത് വകയും BTR രജിസ്റ്റർ പ്രകാരം സർക്കാർ വക പഞ്ചായത്ത് വഴിയുമാണ്. പരാതിക്കാരന്റെ 10/5 ൽ പ്പെട്ട സ്ഥലം ഈ റോഡിൻറെ ആരംഭസ്ഥാനത്ത് നിന്നും 250 മീറ്ററിന് ശേഷമാണ്. 5 വ്യക്തികളുടെ ഭൂസ്വത്തുക്കൾക്ക് ശേഷമാണ് പരാതിക്കാരന്റെ വസ്തു ആരംഭിക്കുന്നത്. 1972 ൽ വൈദ്യുതി ലഭിച്ചപ്പോൾ ഇത് വഴി 13 ഇലക്ട്രിക്ക് പോസ്റ്റുകൾ നാട്ടി 14 വീട്ടുകൾക്ക് വൈദ്യുതി നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ പൈപ്പും ഈ റോഡ് വഴി സ്ഥാപിച്ചിട്ടുണ്ട്. 1994 ലെ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം പൊതുജനങ്ങൾ സഞ്ചാരത്തിനുപയോഗിക്കുന്ന നടപ്പാത ഉൾപ്പെടെ എല്ലാ പൊതുവഴികളുടെയും ഉടമസ്ഥാവകാശം സർക്കാരിന് വേണ്ടി പഞ്ചായത്തുകൾക്കാണ്. 60 ൽ ഏറെ വർഷം പഴക്കമുള്ള ഈ റോഡിൽ ഉന്നയിക്കുന്ന എല്ലാ അവകാശവാദങ്ങളും തള്ളിക്കളഞ്ഞു പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പണി നടത്തുന്നതിനുള്ള ഉത്തരവ് നൽകണമെന്നും ആവശ്യപ്പെട്ടു.

2) ബഹു. കോടതി നൽകിയ നിർദേശപ്രകാരം ഹിയറിങ് നടത്തിയതിന്റെയും, ബന്ധപ്പെട്ട റിപ്പോർട്ടുകളും രേഖകളും പരിശോധിച്ചതിന്റെയും ; 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 169, 218 വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും അന്യായത്തിൽ പറഞ്ഞിരിക്കുന്ന റോഡ് നിലവിൽ 12- ഓളം വീട്ടുകാരും, കൂടാതെ ടി റോഡിന് ഇരുവശത്തുമുള്ള അനേകം വസ്തു ഉടമകളും ഏക വഴിയായി ഉപയോഗിച്ച് വരുന്നതിനാലും, പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലും റവന്യൂ രേഖകളിലും ഉൾപ്പെട്ടിട്ടുള്ളതിനാലും ടി റോഡ് പൊതുവഴിയായി നിലനിർത്തേണ്ടതാണെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുള്ളതും, കോന്നി ഗ്രാമപഞ്ചായത്തിൽ മലയാലപ്പുഴ വില്ലേജ് രേഖകൾ പ്രകാരം പ്രസ്തുത റോഡ് സ്ഥിതി ചെയ്യുന്ന (ബ്ലോക്ക് നം . 20, റീസർവ്വേ നം . 8 / 1 ) ടി സ്ഥലം പൊതുവഴി, ഭൂസ്ഥിതി വഴിയെന്ന് രേഖപ്പെടുത്തിയിട്ടുള്ളതും പരിഗണിച്ചും അന്യായത്തിൽ പറഞ്ഞിരിക്കുന്ന റോഡ് സ്ഥിതി ചെയ്യുന്ന ഭൂമി പൊതുവഴിയായി അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയ 30.06.2018 തീയതി നടന്ന കോന്നി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ സാധാരണ യോഗത്തിലെ തീരുമാനം നമ്പർ 6/11 ൽ തെറ്റൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

3) സർക്കാർ ഇക്കാര്യം ഹർജിക്കാരന്റെ അപ്പീൽ പ്രകാരം വിശദമായി പരിശോധിച്ചു. 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം section 169, 191, 218 എന്നീ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിൽ കോന്നി ഗ്രാമ പഞ്ചായത്തിൽ മലയാലപ്പുഴ വില്ലേജ് രേഖകൾ പ്രകാരം ബ്ലോക്ക് നം. 20, റീസർവ്വേ നം. 8 / 1 -ൽ പെട്ട പരാതിക്കാരന്റെ ഹർജിയിൽ പറയുന്ന റോഡ് സ്ഥിതി ചെയ്യുന്ന ഭൂമി പൊതുവഴിയായി അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള നടപടി ശരി വച്ചുകൊണ്ടും ഡേറ്റാ എൻട്രി പിശകുമൂലം ( ചെങ്ങറ ജംഗ്ഷൻ കുരിശുംമൂട് പൊളച്ചിറയ്ക്കൽപടി റോഡ് എന്നത് ചെങ്ങറ ജംഗ്ഷൻ -പോളച്ചിറയ്ക്കൽപടി റോഡ് എന്നാക്കി മാറ്റുന്നത് ) നാമധേയം രേഖപ്പെടുത്തിയിരുന്നത് തിരുത്തൽ വരുത്തിയ കോന്നി ഗ്രാമപഞ്ചായത്ത് പരാമർശം (1) ഭരണസമിതി തീരുമാനം റദ്ദ് ചെയ്യേണ്ടതില്ലെന്ന് കോന്നി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു. ഇപ്രകാരം ബഹു.

ഹൈക്കോടതിയുടെ പരാമർശം (3) പൊതുവിധിന്യായനിർദ്ദേശം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1) അഡ്വക്കേറ്റ് ജനറൽ, എറണാകുളം (with covering letter)
2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3) ജില്ലാ കളക്ടർ, പത്തനംതിട്ട
4) അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, പത്തനംതിട്ട
5) റവന്യൂ ഡിവിഷണൽ ഓഫീസർ. അടൂർ. പത്തനംതിട്ട ജില്ല-691523
6) തഹസിൽദാർ, കോന്നി, പത്തനംതിട്ട
7) വില്ലേജ് ഓഫീസർ, മലയാലപ്പുഴ ,പത്തനംതിട്ട കളക്ടറേറ്റ് ,പത്തനംതിട്ട-689645
8) സെക്രട്ടറി, കോന്നി ഗ്രാമപഞ്ചായത്ത് ,പത്തനംതിട്ട
9) ശ്രീ. പ്രസാദ് കോശി ജോസഫ്
S/o പൊള്ളച്ചിറയ്ക്കൽ ജോൺ ജോസഫ് പൊള്ളച്ചിറയ്ക്കൽ ഹാസ്, മലയാലപ്പുഴ വില്ലേജ്, കോന്നി താലൂക്ക് പത്തനംതിട്ട.
10) ശ്രീ. മോഹൻ ജോൺ
S/o ജോസഫ് പൊള്ളച്ചിറയിൽ വീട്ടിൽ മലയാലപ്പുഴ വില്ലേജ്, കോന്നിതാഴത്തുമുറിയിൽ ചേങ്ങറ പി.ഒ, പത്തനംതിട്ട
11) ശ്രീ.എം.ഒ. എബ്രഹാം
മേല്പട്ടുവിട് അറ്റച്ചക്കൽ കോന്നി, പത്തനംതിട്ട
12) നിയമ(ഉപദേശ-ഡി) വകുപ്പ്(OPN-D3/161/2025-Law തീയതി.13/8/2025 )
13) റവന്യൂ (എം) വകുപ്പ്( M1/187//2024/ Rev തീയതി 7/5/2026 )
14) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
15) ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
16) ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ വിങ്, ഐ&പി ആർഡി
17) കരുതൽ ഫയൽ (ഡി.ബി1/166/2025/എൽ.എസ്.ജി.ഡി)

Signed by
Smitha. L
Date: 07-07-2026 11:22:18